## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്

**(സാന്നിദ്ധ്യം. ജെസ്സി ജോസഫ്)**

| | | |
|---|---|---|
| വിഷയം:- | | പൊതുവിദ്യാഭ്യാസം- ജീവനം- ഡിപ്പാർട്ട്മെന്റൽ പ്രൈമറി ഹെഡ്മാസ്റ്റർമ്മാരിൽ നിന്നും സ്ഥാനക്കയറ്റം നൽകി അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസറായി 39,500-83,000 രൂപ ശമ്പള നിരക്കിൽ നിയമിക്കുന്നത് - സംബന്ധിച്ച് |
| വായന:- | 1) | ഉത്തരവ് നമ്പർ എസ്.വൈ (1) 15205/2016/ഡി.പി.ഐ തീയതി, 17/07/2015 |
| | 2) | ജി.ഒ (എം.എസ്) 47/2002/പൊ.വി.വ തീയതി, 23/03/2012 |
| | 3) | ജി.ഒ (പി) 39/1991/ഉ ഭ പ വ തീയതി, 07/12/1991 |

**ഉത്തരവ് നമ്പർ.ഡി5/45990/2014/ഡി.പി.ഐ തീയതി: 29/06/2017**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും കോഴിക്കോടും പ്രവർത്തിക്കുന്ന സൂപ്പർ ചെക്ക് സെല്ലിലെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തികകൾ, അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസർ എന്ന് പുനർനാമകരണം ചെയ്തതായും 10 വർഷത്തിൽ കൂടുതൽ പ്രൈമറി ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചവരും അക്കൗണ്ട് ടെസ്റ്റ് (ലോവർ), കെ.ഇ.ആർ എന്നിവ പാസായവരുമായ പ്രൈമറി ഹെഡ്മാസ്റ്ററന്മാരുടെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റിവയ്ക്കുവാനും വായന (2) പ്രകാരം ബഹു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വായന (1) പ്രകാരമുള്ള സംസ്ഥാനത്തെ പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ സീനിയോരിട്ടി ലിസ്റ്റിലെ ശ്രീമതി. ഷൈല.എൽ.ജോർജിന് (ഗവൺമെന്റ് എൽ.പി. എസ് പത്തനാപുരം മലപ്പുറം അരീക്കോട് ഉപജില്ല) സ്ഥാനക്കയറ്റം നൽകി അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസറായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സൂപ്പർചെക്ക് സെല്ലിൽ 39500-83000 രൂപാ ശമ്പള നിരക്കിൽ 1958 ലെ കേരള സംസ്ഥാന സർവ്വീസുകളുടെയും സബോർഡിനേറ്റ് സർവ്വീസുകളുടെയും ചട്ടം 9 എ (1) പ്രകാരം 01/07/2017 പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി. ഷൈല.എൽ.ജോർജ് സർക്കാർ വസ്തുവകകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടുകൂടി സീനിയർ അസിസ്റ്റന്റിന് കൈമാറി പുതിയ ലാവണത്തിൽ ജോലിൽ പ്രവേശിക്കേണ്ടതാണ്.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്തശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ശ്രീമതി. ഷൈല.എൽ.ജോർജിന് സ്ഥാനക്കയറ്റം നൽകിയപ്പോൾ ഉണ്ടായ പ്രൈമറി ഹെഡ്മാസ്റ്ററന്മാരുടെ ഒഴിവ് ഉടൻ നികത്തുവാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

വായന (3) പ്രകാരമുള്ള സർക്കാർ ഉത്തരവിന് വിധേയമായി ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഉത്തരവ് കൈപ്പറ്റി '7' ദിവസത്തിനുള്ളിൽ മേലധികാരി മുഖേന പരിത്യാജപത്രം ഈ ആഫീസിൽ സമർപ്പി ക്കേണ്ടതാണ്. ഒന്നാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം കുറഞ്ഞ് (1 വർഷം) താൽക്കാലികമായും, രണ്ടാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം സ്ഥിരമായിട്ടുള്ള താണ്.

അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസർ തസ്തികയിലേക്ക് നടത്തിയിരിക്കുന്ന ഈ സ്ഥാനക്കയറ്റം 1958 ലെ കേരള സംസ്ഥാന സർവ്വീസുകളുടെയും സബോർ ഡിനേറ്റ് സർവ്വീസുകളുടെയും ചട്ടം 9 എ (1) പ്രകാരം പൂർണ്ണമായും താൽക്കാലിക മാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ ആയത് പുന:പരിശോധയ്ക്ക് വിധേയമായിരിക്കും.

(ഒപ്പ്)
**ജെസ്സി ജോസഫ്**
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ്:

1) ഹെഡ്മാസ്റ്റർ
   ജി.എൽ.പി.എസ് (അരീക്കോട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖാന്തിരം)
   പത്തനാപുരം, മലപ്പുറം.
2) വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
3) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ
   അരീക്കോട്, മലപ്പുറം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ)
   തിരുവനന്തപുരം.
5) സൂപ്പർ ചെക്ക് ഓഫീസർ
   പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
   തിരുവനന്തപുരം.
6) കരുതൽ ഫയൽ

ബി.ഒ